**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1187 30.09.2016 ൽ മറുപടിയ്ക്ക്**

**ട്രാഫിക് സിഗ്നലുകളിലെ പ്രവർത്തനരഹിതമായ ക്യാമറകൾ**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ട്രാഫിക് സിഗ്നലുകളിൽ ഘടിപ്പിച്ചിരിക്കുന്ന ക്യാമറകൾ പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ സിഗ്നൽ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ എന്തെങ്കിലും തകരാർ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽതന്നെ അവയുടെ സർവ്വീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ക്യാമറകൾ ഏത് കമ്പനിയാണ് നൽകിയിട്ടുള്ളതെന്നും അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) & (സി) | മോട്ടോർ വാഹന വകുപ്പിനു വേണ്ടി ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിരിക്കുന്നതു പ്രധാനമായും കെൽട്രോൺ ആണ്. ഇവയെല്ലാം തന്നെ സ്ഥാപിച്ചതു മുതൽ മൂന്നു വർഷ വാറന്റിയും നല്കിയിട്ടുണ്ട്. ഈ സമയത്തുണ്ടാകുന്ന കേടുപാടുകൾ കെൽട്രോൺ തന്നെ തീർക്കുന്നതാണ്. കൂടാതെ വാറന്റി കാലാവധി തീർന്ന ക്യാമറകൾക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടും കെൽട്രോണിനു നൽകിയിട്ടുണ്ട്. ഇതു കൂടാതെ എയർടെല്ലിന്റെ സഹകരണത്തോടെ ഏഴു ജംഗ്ഷനുകളിൽ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആയവയുടെ പരിപാലന ചുമതല എയർടെല്ലിനാണ്. |
| (സി) | എങ്കിൽ പ്രസ്തുത കമ്പനികളുമായി സർക്കാർ എ.എം.സി.വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അത് പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ; | | |
| (ഡി) | പ്രസ്തുത ക്യാമറകൾ പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ സിഗ്നൽ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ എന്തെങ്കിലും തകരാർ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽതന്നെ അവയുടെ സർവ്വീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ കേടുപാടുകൾ തീർത്ത് പ്രവർത്തന ക്ഷമമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ